ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) വികസിതവും സ്വയംപര്യാപ്തവുമായ ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് രാജ്യം ആത്മവിശ്വാസത്തോടെ നീങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi says India Moving Confidently Towards Growth Amid Global Uncertainty.**

2) തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണ നടപടികൾ തദ്ദേശ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നത് വരെ നീട്ടിവയ്ക്കണം എന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചു. തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ.

**Kerala Government approached the Supreme Court Seeking Deferment of Electoral Rolls' SIR Till Local Body Elections.**

**Political parties intensified campaigns for local body polls.**

3) ബിഹാറിൽ സർക്കാർ രൂപീകരണം സംബന്ധിച്ച ചർച്ചകൾ അന്തിമഘട്ടത്തിൽ. എൻ.ഡി.എ നിയമസഭാ കക്ഷി യോഗം നാളെ.

**Newly elected MLAs of NDA in Bihar to meet in Patna tomorrow to elect their leader.**

4) 2026-27 ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായ ചർച്ചകൾ ധനമന്ത്രി നിർമ്മല സീതാരാമൻറെ നേതൃത്വത്തിൽ നടന്നു.

**Union Finance Minister Nirmala Sitharaman today chaired the fourth Pre-Budget Consultation with the stakeholders from the capital markets in connection with the forthcoming Union Budget 2026-27 in New Delhi.**

5) 56-ാമത് ഇന്ത്യൻ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഗോവയിൽ മറ്റന്നാൾ തുടക്കം.

**The 56th International Film Festival of India will commence on November 20th in Goa.**

6) ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് വധശിക്ഷ വിധിച്ച ട്രൈബ്യൂണൽ നടപടിയോട് വിയോജിച്ച് ഐക്യരാഷ്ട്രസഭ.

**UN Secretary-General Antonio Guterres has opposed the death penalty imposed on ousted Bangladesh Prime Minister Sheikh Hasina in absentia by country's court.**

********************

## PM - GOENKA LECTURE

വികസിതവും സ്വയംപര്യാപ്തവുമായ ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് രാജ്യം ആത്മവിശ്വാസത്തോടെ നീങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നടന്ന ആറാമത് രാംനാഥ് ഗോയങ്ക പ്രഭാഷണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യ വളർന്നുവരുന്ന വിപണി മാത്രമല്ല, ലോകത്തിന് പ്രത്യാശയുടെ മാതൃക കൂടിയാണെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷങ്ങളിൽ യൂറോപ്പിലും പശ്ചിമേഷ്യയിലും പ്രതിസന്ധികൾ ഉണ്ടായപ്പോഴും ഇന്ത്യയിൽ സാമ്പത്തിക വളർച്ച തുടർന്നു. ആഗോള അസ്ഥിരതയുടെ പശ്ചാത്തലത്തിലും രാജ്യത്തിൻറെ വളർച്ചാ നിരക്ക് ഏഴ് ശതമാനത്തിൽ തുടരുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

********************

## SIR

തദ്ദേശ തിരഞ്ഞെടുപ്പ് പൂർത്തിയാകും വരെ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണം നീട്ടിവയ്ക്കണം എന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിനും വോട്ടർപ്പട്ടിക പുതുക്കലിനും ഉദ്യോഗസ്ഥരെ ഒരേസമയം വിന്യസിക്കേണ്ടിവരുന്നത് സർക്കാരിൻറെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്നും സുഗമമായ തിരഞ്ഞെടുപ്പ് നടത്തിപ്പിനെ ബാധിക്കുമെന്നും ഹർജിയിൽ പറയുന്നു. ഇത് ചൂണ്ടിക്കാട്ടി സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് കത്ത് അയച്ചതായും റിട്ട് ഹർജിയിൽ വ്യക്തമാക്കുന്നു. അതേസമയം - സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക നടപ്പിലാക്കുന്നതിൻറെ ഭാഗമായി വിതരണം ചെയ്ത എന്യൂമെറേഷൻ ഫോമുകളുടെ എണ്ണം 2 കോടി 67 ലക്ഷം കവിഞ്ഞു. പതിനാലാം ദിവസമായ ഇന്നലെ വൈകിട്ട് 6 മണിവരെയുള്ള കണക്കുകളാണിത്. ഫോം വിതരണം 95.89 ശതമാനത്തിലെത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

********************

## Submission of nomination papers

തദ്ദേശ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രികാ സമർപ്പണം സംസ്ഥാനത്ത് പുരോഗമിക്കുന്നു. ഇന്നലെ വരെ 2,994 പേർ പത്രിക സമർപ്പിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. ഏറ്റവും കൂടുതൽ പത്രികാ സമർപ്പണം തൃശൂരിലും ഏറ്റവും കുറവ് കാസർകോട് ജില്ലയിലുമാണ്. ഈ മാസം 21 വരെയുള്ള പത്രിക സമർപ്പണത്തിന് ശേഷം സൂക്ഷ്മ പരിശോധന 22-ന് നടക്കും. നവംബർ 24 വരെ പത്രിക പിൻവലിക്കാം. അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും.

********************

## Bihar

ബിഹാറിൽ സർക്കാർ രൂപീകരണം സംബന്ധിച്ച ചർച്ചകൾ അന്തിമഘട്ടത്തിൽ. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനായി എൻ.ഡി.എ എംഎൽഎമാരുടെ യോഗം നാളെ ബിഹാറിൽ ചേരും. മുഖ്യമന്ത്രി നിതീഷ് കുമാറിനെ തന്നെ

വീണ്ടും നേതൃസ്ഥാനത്തേക്ക് പരിഗണിക്കുമെന്നാണ് സൂചനകൾ. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുത്ത ശേഷം സർക്കാർ രൂപീകരണത്തിന് അവകാശവാദമുന്നയിച്ച് എൻഡിഎ നേതാക്കൾ ഗവർണറെ കാണും. ബി.ജെ.പി, ജെഡിയു നിയമസഭാ കക്ഷി യോഗങ്ങളും നാളെയാണ് നടക്കുക. പട്നയിലെ ഗാന്ധി മൈതാനിൽ മറ്റന്നാളാണ് സത്യപ്രതിജ്ഞാ ചടങ്ങ്. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കൾ ചടങ്ങിൽ പങ്കെടുക്കും.

*********************

## S JAISANKAR (INTRO)

23-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായുള്ള റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻറെ ഇന്ത്യാ സന്ദർശനത്തിന് രാജ്യം തയ്യാറെടുക്കുകയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ . മോസ്കോയിൽ റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. വിവിധ മേഖലകളിലെ ഉഭയകക്ഷി കരാറുകളും സംരംഭങ്ങളും സംബന്ധിച്ച് ചർച്ചകൾ പുരോഗമിക്കുകയാണെന്നും വരും ദിവസങ്ങളിൽ അന്തിമതീരുമാനം പ്രതീക്ഷിക്കുന്നതായും കേന്ദ്രമന്ത്രി വ്യക്തമാക്കി. ഇന്ത്യ-റഷ്യ സുസ്ഥിര ബന്ധം , ആഗോളതലത്തിൽ ഗുണകരമാണെന്നും ശ്രീ. ജയശങ്കർ പറഞ്ഞു. യുക്രെൻ സംഘർഷം, പശ്ചിമേഷ്യയിലെയും, അഫ്ഗാനിസ്ഥാനിലെയും സ്ഥിതിഗതികൾ എന്നിവ ചർച്ച ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു.
(ഹോൾഡ് വോയിസ്).

*********************

## SITHARAMAN - PRE BUDGET

2026-27 ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി മൂലധന വിപണി മേഖലയിലെ പ്രതിനിധികളുമായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് ചർച്ച നടത്തി. ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി, സാമ്പത്തിക കാര്യ സെക്രട്ടറി, മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ബജറ്റിന് മുന്നോടിയായി ധനമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന നാലാമത്തെ ചർച്ചയാണിത്.

**********************

## PM ANDHRA VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ആന്ധ്രാപ്രദേശ് സന്ദർശിക്കും. പുട്ടപർത്തിയിൽ ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ശതാബ്ദി ആഘോഷങ്ങളിൽ അദ്ദേഹം പങ്കെടുക്കും. ശ്രീ സത്യസായി ബാബാക്ഷേത്രത്തിലും മഹാസമാധിയിലും നടക്കുന്ന പ്രാർഥനാചടങ്ങുകളിലും അദ്ദേഹം പങ്കെടുക്കും. ശ്രീ സത്യസായി ബാബയോടുള്ള ആദരസൂചകമായി അനുസ്മരണ നാണയവും തപാൽ സ്റ്റാമ്പും അദ്ദേഹം പുറത്തിറക്കും.

**********************

## BHUPENDER YADAV (INTRO)

സുസ്ഥിരമല്ലാത്ത വളർച്ച, വികസന രീതികൾ കാരണം കാലാവസ്ഥാ വ്യതിയാനം യാഥാർത്ഥ്യവും, ആസന്നവുമായ വെല്ലുവിളിയായി മാറിയിരിക്കുകയാണെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. ബ്രസീലിൽ നടന്ന യു എൻ കോപ്- 30 കാലാവസ്ഥാ ഉച്ചകോടിയുടെ ഉന്നതതല യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് 2035 ലേക്കുള്ള പുതുക്കിയ നാഷണൽ ഡിറ്റർമൈൻഡ് കോൺട്രിബ്യൂഷൻ ഡിസംബറോടെ ഇന്ത്യ പ്രസിദ്ധീകരിക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. കാലാവസ്ഥാ ലക്ഷ്യങ്ങൾ ഫലപ്രദവും, പ്രാപ്യവും ആയിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(ഹോൾഡ്)

**********************

## IFFI

56-ാമത് ഇന്ത്യൻ രാജ്യന്തര ചലച്ചിത്രമേളയ്ക്കുള്ള ഒരുക്കങ്ങൾ ഗോവയിൽ പുരോഗമിക്കുന്നു. മറ്റന്നാളാണ് ചലച്ചിത്ര മേളയ്ക്ക് തുടക്കമാവുക. ഈ മാസം 28 വരെ നീളുന്ന മേളയിൽ 81 രാജ്യങ്ങളിൽ നിന്നുള്ള 240-ലേറെ ചിത്രങ്ങൾ പ്രദർശിപ്പിക്കും. ബ്രസീലിയൻ ചിത്രം ദി **ബ്ലൂ ട്രെയിൽ** ആണ് ഉദ്ഘാടന ചിത്രം. വേവ്സ് ഫിലിം ബസാർ, സിനിം എഐ ഹാക്കത്തോൺ എന്നിവയും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

**********************

## NIA-DELHI BLAST

ഡൽഹി ചുവപ്പ് കോട്ടയ്ക്ക് സമീപമുണ്ടായ സ്ഫോടനത്തിൽ ഒരാളെ കൂടി ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. കശ്മീർ സ്വദേശിയായ ജസീർ ബിലാൽ വാനിയെയാണ് ശ്രീനഗറിൽ നിന്നും അറസ്റ്റ് ചെയ്തത്. ഭീകരാക്രമണത്തിന് സാങ്കേതിക സഹായം നൽകിയത് വാനി ആണെന്ന് എൻഐഎ അറിയിച്ചു.

*********************

## ED - AL FALAH GROUP

ഡൽഹി സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ, അൽ-ഫലാഹ് ഗ്രൂപ്പുമായി ബന്ധപ്പെട്ട 25 ലധികം സ്ഥലങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇന്ന് പരിശോധന നടത്തി. സാമ്പത്തിക ക്രമക്കേടുകൾ, കള്ളപ്പണം വെളുപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങളുടെ ഭാഗമായാണ് പരിശോധന. യു.ജി.സി, നാക് അംഗീകാരം എന്നിവ സംബന്ധിച്ച് അൽ-ഫലാഹ് ട്രസ്റ്റിൻറെ അവകാശവാദങ്ങളിൽ പൊരുത്തക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ ഇവയും പരിശോധിച്ച് വരികയാണ്.

*********************

## ANDHRA - MAOISTS

ആന്ധ്രപ്രദേശിലെ അല്ലൂരി സീതാരാമ രാജു ജില്ലയിൽ മരേഡുമില്ലി പ്രദേശത്ത് നടന്ന പോലീസ് വെടിവയ്പ്പിൽ ആറ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. പ്രദേശത്ത് ഇന്ന് രാവിലെ നടത്തിയ തെരച്ചിലിനിടെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്.

*********************

## UN-HASINA SENTENCE

ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് വധശിക്ഷ വിധിച്ച ധാക്ക ട്രൈബ്യൂണൽ നടപടിയോട് വിയോജിച്ച് ഐക്യരാഷ്ട്ര സഭ. ഏത് സാഹചര്യത്തിലും വധശിക്ഷയെ എതിർക്കുന്നതായി യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ് വ്യക്തമാക്കി. ട്രൈബ്യൂണൽ തീരുമാനത്തെ അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനയായ ആംനസ്റ്റി ഇൻറർനാഷണൽ അപലപിച്ചു. ന്യായപൂർണമായ വിചാരണ ഇക്കാര്യത്തിൽ ഉണ്ടായോ എന്ന കാര്യത്തിൽ ആശങ്കയുണ്ടെന്നും സംഘടന വ്യക്തമാക്കി. രാജ്യം

വിട്ടതിനാൽ, ഷേഖ് ഹസീനയുടെ അസാന്നിധ്യത്തിലായിരുന്നു വിചാരണ നടപടികൾ. സർക്കാർ വിരുദ്ധ പ്രക്ഷോഭം അടിച്ചമർത്താൻ സ്വീകരിച്ച നടപടികൾ മാനവികതയ്ക്ക് എതിരായ കുറ്റകൃത്യമായി കണക്കാക്കിയാണ് അന്താരാഷ്ട്ര കുറ്റകൃത്യ ട്രൈബ്യൂണൽ ഹസീനയ്ക്കും, ബംഗ്ലാദേശ് മുൻ ആഭ്യന്തര മന്ത്രി അസദുസ്മാൻ ഖാൻ കമാലിനും വധശിക്ഷ വിധിച്ചത്.

*********************

## UNSC – GAZA

ഗാസയിൽ സുരക്ഷയ്ക്കായി രാജ്യാന്തര സേനയെ നിയോഗിക്കാനുള്ള അമേരിക്കൻ പ്രമേയം യുഎൻ രക്ഷാ സമിതി അംഗീകരിച്ചു. ചൈനയും റഷ്യയും വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു. രണ്ട് വർഷത്തെ യുദ്ധത്തിന് ശേഷം ഗാസയിൽ സമാധാനം പുനസ്ഥാപിക്കുന്നതിനുള്ള തുടർ നടപടികളുടെ ഭാഗമാണ് പ്രമേയം. യുഎൻ അംഗീകാരത്തോടെ വേണം രാജ്യാന്തര സേനയെ നിയോഗിക്കേണ്ടതെന്ന് അറബ് രാജ്യങ്ങൾ നേരത്തെ നിലപാട് എടുത്തിരുന്നു.

*********************

*****************

***********